**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3175** **25-10-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ രംഗത്ത് അന്താരാഷ്ട്ര നിലവാരം കൈവരിക്കുകയെന്ന ലക്ഷ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുരോഗമനാത്മക സമൂഹത്തിന്റെ ചാലകശക്തിയാകുന്ന തരത്തിൽ പാഠ്യപദ്ധതി കാലാനുസൃതമായി പരിഷ്കരിക്കേണ്ടതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | നിലവിലുള്ള പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും ഗവേഷണാത്മകമായി പരിശോധിച്ച് എസ്.സി.ഇ.ആർ.ടി. പാഠ്യപദ്ധതി വിശകലന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. തുടർന്ന് ആധുനിക സാങ്കേതികവിദ്യയുടെ പശ്ചാത്തലത്തിൽ, വിവിധ വിജ്ഞാന മേഖലകളിലും തൊഴിൽ മേഖലയിലും സംഭവിച്ചു കൊണ്ടിരിക്കുന്ന ദ്രുതഗതിയിലുള്ള മാറ്റങ്ങളെ പരിഗണിച്ചുകൊണ്ട് പാഠ്യപദ്ധതി നവീകരണം എങ്ങിനെയാകണം എന്നതു സംബന്ധിച്ച ചർച്ചാരേഖ തയ്യാറാക്കി വരുന്നു. കോവിഡാനന്തര വിദ്യാഭ്യാസത്തെ അഭിമുഖീകരിക്കുന്നതിനും, ശാസ്ത്രാഭിമുഖ്യവും യുക്തിചിന്തയും പരിപോഷിപ്പിക്കുന്നതിനും ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും പ്രത്യേക ഊന്നൽ നല്കിയാണ് ചർച്ചാരേഖ വികസിപ്പിക്കുന്നത്. സംസ്ഥാന പാഠ്യപദ്ധതി സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ വിപുലമായ ജനകീയ ചർച്ചകൾക്കുശേഷമാണ് പാഠ്യപദ്ധതി പരിഷ്കരണത്തിലേക്ക് നീങ്ങുക. |
| (ബി) | ദേശീയ വിദ്യാഭ്യാസ നയം രൂപീകരിച്ചതിന്റെ തുടർച്ചയായി പാഠ്യ പദ്ധതി പരിഷ്കരണത്തിലൂടെ കേന്ദ്ര അജണ്ട നടപ്പിലാക്കാനാണ് ശ്രമിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നിലപാട് അറിയിക്കാമോ; | (ബി) | വിവരങ്ങളുടെ വികേന്ദ്രീകരണം സംഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അതിനനുസരണമായി പാഠ്യപദ്ധതിയും അനുബന്ധ പ്രവർത്തനങ്ങളും ക്രമീകരിക്കുന്നതാണ് അഭികാമ്യം. കേന്ദ്രീകൃതമായ പാഠ്യപദ്ധതി നമ്മുടെ കുട്ടികളുടെ പഠന സാദ്ധ്യതകളെ പ്രതികൂലമായി ബാധിക്കും. ഓരോ സംസ്ഥാനവും അവരവരുടെ സാദ്ധ്യതകൾക്കനുസരിച്ച് ദേശീയ താല്പര്യത്തിനുള്ളിൽ നിന്നുകൊണ്ട് തനത് പാഠ്യപദ്ധതികൾ തയ്യാറാക്കുന്ന രീതിയാണ് അഭികാമ്യം. |

| | | | |
|---|---|---|---|
| (സി) | ശാസ്ത്രസാങ്കേതികവിദ്യ രംഗത്തെ വികാസത്തിനനുസൃതമായി ബോധന സാമഗ്രികളിലും ബോധന രീതിയിലും വന്നിട്ടുള്ള പുരോഗമനപരമായ മാറ്റങ്ങൾ ഉൾച്ചേർത്തുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് അന്താരാഷ്ട്ര നിലവാരം കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ പാഠ്യപദ്ധതി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | ഉണ്ട്. അതിനു സഹായകരമായ രീതിയാണ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ (ഡിജിറ്റൽ ക്ലാസ്സ്മുറികളും ലാബുകളും ലൈബ്രറികളും.) സജ്ജീകരിച്ചുവരുന്നത്. ഇതോടൊപ്പം തന്നെ ഓൺലൈൻ ഓഫ് ലൈൻ സാദ്ധ്യതകളെ സമന്വയിപ്പിച്ച് ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സഹായകരമാകും വിധം പാഠപുസ്തകങ്ങളും പരിഷ്കരിക്കേണ്ടതുണ്ട്. ഒരു പാഠത്തിലെ ഓൺലൈൻ സാദ്ധ്യതകൾ, ഓഫ് ലൈനിലൂടെ കൊടുക്കേണ്ട നേരനുഭവങ്ങൾ, ഇതിനെല്ലാം ആവശ്യമായി വരുന്ന ഡിജിറ്റൽ സാമഗ്രികളും സാങ്കേതവും ഇവയെല്ലാം പാഠപുസ്തക നവീകരണസമയത്ത് പ്രത്യേകം പരിഗണിക്കേണ്ടവയാണ്. ഇപ്രകാരം സമഗ്രമായി തന്നെ പാഠ്യപദ്ധതി പരിഷ്കരണത്തെ സമീപിക്കും. |

സെക്ഷൻ ഓഫീസർ